# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


**പത്രക്കുറിപ്പ്:** 17.03.2018

## എം.സുകുമാരന്റെ വേർപാടിൽ കേരള സാഹിത്യ അക്കാദമി അനുശോചിച്ചു

ചരിത്രത്തോടും മാനവികതയോടും, മാർക്സിസത്തോടും ജീവിതത്തിലും സാഹിത്യത്തിലും സുതാര്യതയും സത്യസന്ധതയും പ്രതിജ്ഞാബദ്ധതയും പുലർത്തിയ പ്രതിഭാശാലിയായ എഴുത്തുകാരനായിരുന്നു എം.സുകുമാരൻ എന്ന് കേരള സാഹിത്യ അക്കാദമിയുടെ അനുശോചനസന്ദേശത്തിൽ സെക്രട്ടറി ഡോ.കെ.പി.മോഹനൻ പറഞ്ഞു. മരിച്ചിട്ടില്ലാത്തവർക്കുവേണ്ടി ഒരു ജ്വാല എഴുത്തിൽ സൂക്ഷിച്ച, മാനവികത ഉയർത്തിപ്പിടിച്ച അപൂർവ്വം എഴുത്തുകാരിൽ ഒരാളാണ് അദ്ദേഹം. രാഷ്ട്രീയപരമായ ആധുനികതയ്ക്ക് കഥയിൽ ഒരു വിതാനം നിർമ്മിച്ചത് സുകുമാരനാണ്. മലയാളകഥയുടെ ഭാവുകത്വപരിണാമം എം.സുകുമാരന്റെ കഥയിൽ പ്രകടമാണ്. സത്യസന്ധമായ സാമൂഹിക-രാഷ്ട്രീയാവസ്ഥകൾ കഥയിലും നോവലിലും പ്രതിഫലിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയായുധം എഴുത്തുതന്നെയായിരുന്നു. ഏതു പ്രതിസന്ധി ഘട്ടത്തെയും മറികടക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി സുകുമാരനുണ്ടായിരുന്നു എന്നതിനു തെളിവാണ് അദ്ദേഹത്തിന്റെ സർഗാത്മകജീവിതം. 1976-ൽ കഥയ്ക്കും 1997-ൽ നോവലിനുമുള്ള സാഹിത്യ അക്കാദമിയുടെ പുരസ്കാരങ്ങൾക്ക് സുകുമാരൻ അർഹനായി. അദ്ദേഹത്തിന്റെ സാഹിത്യരംഗത്തെ സംഭാവനകളെ ആദരിച്ചുകൊണ്ട് 2003-ൽ അക്കാദമിയുടെ സമഗ്രസംഭാവനാപുരസ്കാരം നൽകി. എം.സുകുമാരന്റെ വിയോഗത്തിൽ സാഹിത്യ അക്കാദമിയുടെ ദുഃഖം സഹൃദയരുമായി പങ്കുവെക്കുന്നു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി